കിണർ, കുളങ്ങൾ, കുഴൽ - കിണറുകൾ എന്നിവ കുഴിക്കുന്നതിനു സഹായധനം

279. [452] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ജലസേചനപദ്ധതികൾ ഉണ്ടായിട്ടും, ജലസംഭരണികളിൽ ആവശ്യമായത്ര ജലം സംഭരിക്കാൻ കഴിയാത്തതുകൊണ്ട് തുടർച്ചയായി വരൾച്ച അനുഭവപ്പെടുന്ന ചുള്ളിയാർ, വാളയാർ എന്നീ പദ്ധതികളുടെ ആയക്കെട്ട് ഏരിയകളിലുള്ള കൃഷിക്കാർക്ക് ജലസേചന ആവശ്യത്തിനായി കിണർ, കുളങ്ങൾ കുഴൽകിണറുകൾ എന്നിവ കുഴിക്കുന്നതിന് സഹായധനം നൽകുന്നതിനു ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾത്തന്നെ കൃഷിവകുപ്പ്, ഭൂഗർഭജലവകുപ്പ്, വികസനവകുപ്പു, എന്നീ വകുപ്പുകൾ വഴി കിണറുകൾ, കുഴൽ കിണറുകൾ, എന്നിവ കുഴിക്കുന്നതിന് ചെറുകിട നാമമാത്ര കർഷകർക്ക് സബ്സിഡി അനുവദിക്കുന്നുണ്ട്. ഈ പദ്ധതികളുടെ പ്രയോജനം ചുള്ളിയാർ, വാളയാർ പ്രോജക്ട് മേഖലയിലുള്ള കൃഷിക്കാർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

നാദാപുരം ശുദ്ധജലവിതരണ പദ്ധതി

280. [453] ശ്രീ. കെ. ടി. കണ്ണാരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാദാപുരം ആസ്ഥാനമാക്കി തുടങ്ങിയിട്ടുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ എടച്ചേരി പഞ്ചായത്തുകൂടി ഉൾപ്പെടുത്തിയതായി അറിയിച്ചിരുന്നെങ്കിലും എടച്ചേരി പഞ്ചായത്തിൽ പ്രസ്തുത പരിപാടി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണ് ?

ഉത്തരം

ചില സാങ്കേതിക കാരണങ്ങളാൽ നാദാപുരം ആസ്ഥാനമാക്കി തുടങ്ങിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ എടച്ചേരി പഞ്ചായത്തുകൂടി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ എരുവള്ളൂർ, ആയഞ്ചേരി, കോട്ടപ്പള്ളി എന്ന കോമ്പഹെൻസീവ് സ്കീമിൽ എടച്ചേരിയുംകൂടി ഉൾപ്പെടുത്തി സർവ്വേ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

തോട്ടക്കരയിൽ മൂന്ന് പാലങ്ങൾ

281. [454] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ വാലി പദ്ധതിയുടെ ഭാഗമായി തോട്ടക്കരയിൽ 200 മീറ്ററിനുള്ളിൽ മൂന്നു പാലങ്ങൾ നിർമ്മിച്ചിട്ടുണ്ടോ : എങ്കിൽ ഇതിനു ചെലവായ മൊത്തം സംഖ്യയെത്ര ;

(ബി) മേൽപ്പറഞ്ഞ പാലങ്ങൾ നിർമ്മിച്ചതിൽ വൻ അഴിമതി നടത്തിയിട്ടുണ്ടെന്നുള്ള പൊതുജനാക്ഷേപം പരിഗണിച്ചു വിശദമായ അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടിയെടുക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly